# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **981** — **01/03/2017** -ൽ മറുപടിക്ക്

## കൊച്ചി കോർപ്പറേഷനിലെ ശുദ്ധജലക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനായുള്ള 275 ലക്ഷം രൂപയുടെ അരൂർ പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br>(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പ്രവർത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനായി അരൂർ പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ അരൂർ പൂജപ്പുര ജംഗഷൻ മുതൽ ഇടക്കൊച്ചി പാലം വരെയുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഭാഗം പ്രവൃത്തി 21/02/2017-ന് ആരംഭിച്ചു. ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെയുള്ള 2700 മീറ്ററിൽ (രണ്ടാം ഭാഗം) 1050 മീറ്റർ നീളത്തിലുള്ള 450 mm DI K9 പൈപ്പും 650 മീറ്റർ നീളത്തിലുള്ള 500 mm HDPE പൈപ്പും സ്ഥാപിക്കുന്ന 495 ലക്ഷം രൂപക്കുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. 2017 ഏപ്രിൽ 30-ഓടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 1000 മീറ്ററിൽ 450 mm DI K9 പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കാവശ്യമായ 150 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ Atal Mission for Rejuvenation and Urban Transformation (AMRUT) മിഷനിലൂടെ ഫണ്ട് ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/